

കൾക്ക് അവസരം നൽകും വിധം ദിവസം 2 മത്സരങ്ങൾ വച്ച് ഫൈനൽ വരെ ആകെ പതിനഞ്ച് മത്സരങ്ങൾ നടത്താൻ പരിപാടി തയ്യാറാക്കി.



ആഗസ്റ്റ് 21-ാം തീയതി വൈകീട്ട് 3.30 ന് ബഹുമാനപ്പെട്ട കൊച്ചിൻ പോർട്ട് ട്രസ്റ്റ് ചെയർമാൻ ശ്രീ. എൻ.രാമചന്ദ്രൻ ഐ.പി.എസ്. ഇൻഡ്യാ ഗേറ്റ് വേ ടെർമിനലിന്റെ പതാക



ഉയർത്തി മത്സരം ഉദ്ഘാടനം ചെയ്തു. ബാന്റുമേളവും കരിമരുന്ന് പ്രയോഗവും ചടങ്ങിന് അകമ്പടിയായി. തുടർന്നുള്ള ദിവസങ്ങളിൽ കൊച്ചിൻ പോർട്ട് ട്രസ്റ്റ് സെക്രട്ടറി, ചീഫ് മെഡിക്കൽ ഓഫീസർ, ട്രാഫിക് മാനേജർ, സി.സി.എച്ച്.എ.എ.പ്രസിഡന്റ്, കൊച്ചിൻ സ്റ്റീമർ ഏജന്റ്സ് അസോസിയേഷൻ പ്രസിഡന്റ്, കസ്റ്ററംസ് ജോയിന്റ് കമ്മീഷണർ, ഹ്യൂമർ റിസോഴ്സസ്സ് മാനേജർ ടാജ് മലബാർ എന്നീ പ്രമുഖ വ്യക്തികൾ മുഖ്യാതിഥികളായിരുന്നു.

30-ാം തീയതിയിലെ ആവേശകരമായ ഫൈനൽ മത്സരത്തിൽ കൊച്ചിൻ കസ്റ്റംസ് ഹൗസ് ഏജന്റ്സ് അസ്സോസിയേഷൻ, കൊച്ചിന് കണ്ടെയ്നർ കാരിയർ ഓണേഴ്സ്



വെൽഫെയർ അസ്സോസിയേഷനെടൈബ്രേക്കറിലൂടെ 6 -5 എന്ന ഗോൾ നിലയിൽ പരാജയപ്പെടുത്തി, ഐ.ജി.ടി എവർ റോളിംഗ് ട്രോഫി കരസ്ഥമാക്കി.

സമാപനച്ചടങ്ങിൽ ബഹുമാനപ്പെട്ട കൊച്ചിൻ കസ്റ്റംസ് കമ്മീഷണർ ശ്രീ.ഡി.സി. ഇംഗ്ടി ഐ.ആർ.എസ്. ഐ.ജി.ടി.യുടെ പതാക താഴ്ത്തി. അനന്തരം വിജയികൾക്ക് ട്രോഫിയും ക്യാഷ് അവാർഡുകളും വിതരണം ചെയ്തു. ചടങ്ങിന്റെ അവസാനം കരിമരുന്നു പ്രയോഗവുമുണ്ടായിരുന്നു.

കേരളത്തിന്റെയും ഇന്ത്യയുടെ തന്നെയും കുപ്പായമണിഞ്ഞി



ട്ടുള്ള കൊച്ചിൻ പോർട്ട് എക്സ് - ഫുട്ബോളേഴ്സ് അസ്സോസിയേഷന്റെ 50 വയസ്സിനു മുകളിൽ പ്രായമുള്ള മുൻ കളിക്കാർക്കു കൂടി ഈ മത്സരത്തിൽ പങ്കെടുക്കാൻ അവസരം കിട്ടി എന്നത് എടുത്തു പറയേണ്ട കാര്യമാണ്. പത്തു ദിവസത്തോളം ഫുട്ബോൾ പ്രേമികളെ ആവേശഭരിതരാക്കിയ ഐ.ജി.ടി.യുടെ ഈ സംരംഭം ഒരു വൻ വിജയമായി എന്ന ചാരിതാർത്ഥ്യം ഇതിന്റെ സംഘാടകർക്കുണ്ട്.

*-എൻ.കെ. ശ്രീകുമാർ*

# IGT EVER ROLLING TROPHY FOOTBALL TOURNAMENT

